**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2923** **22.6.2012-ൽ മറുപടിക്ക്**

**മഴക്കാലത്തിനുമുമ്പ് ഖരമാലിന്യ സംസ്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | നഗരങ്ങളിലെ ഖരമാലിന്യം നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | എ) | നഗരങ്ങളിലെ മാലിന്യ സംസ്ക്കരണത്തിന്റെ ഉത്തരവാദിത്തം നഗരസഭകൾക്കാണെങ്കിലും മാലിന്യ സംസ്ക്കരണം കാര്യക്ഷമമായി നടക്കുന്നതിന് സർവ്വവിധ പ്രോത്സാഹനവും സർക്കാർ നൽകിവരുന്നു. ഉറവിട മാലിന്യ സംസ്ക്കരണം, നിലവിലുള്ള പ്ലാന്റുകളുടെ നവീകരണം, പ്ലാന്റുകൾ നിലവിലില്ലാത്തവയ്ക്ക് അതുണ്ടാക്കൽ തുടങ്ങിയവയ്ക്കെല്ലാം സർക്കാർ സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുന്നുണ്ട്. അതിനുപുറമെ റിജീയണൽ അടിസ്ഥാനത്തിൽ ആധുനിക പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടിയെടുത്തു വരുന്നു. തിരുവനന്തപുരത്തെ മാലിന്യ നീക്കം സർക്കാർ ഇടപെട്ട് റെയിൽവേ പ്ലാറ്റ്ഫോം നിർമ്മാണം വഴി താത്ക്കാലികമായി പരിഹരിച്ചിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിനായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെയും വാർഡുകൾക്ക് 25000 രൂപ നൽകുവാൻ നടപടി എടുത്തിട്ടുണ്ട്. |
| ബി) | മഴക്കാലത്തിനുമുമ്പ് നഗരങ്ങളിലെ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ? | ബി) | മഴക്കാലത്തിന് മുമ്പ് നഗരങ്ങളിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ